## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 645** 28.02.2017-ൽ **മറുപടിക്ക്**

**മണലൂർ മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

| | ചോദ്യം<br><br>ശ്രീ.മുരളി പെരുനെല്ലി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ 624 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾ 77% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ നൽകുകയുണ്ടായി ; ഇനി എത്ര കണക്ഷനുകൾ നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ: | (ബി) | 21.02.2017 – ലെ കണക്കനുസരിച്ച്, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 480 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 144 പേർക്ക് കണക്ഷൻ നൽകാനുണ്ട്. |
| (സി) | മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടിയതായി പ്രഖ്യാപിക്കുന്നതിന് അവശേഷിക്കുന്ന കണക്ഷനുകൾ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | അവശേഷിക്കുന്ന കണക്ഷനുകൾ നൽകാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയറിംഗ് പൂർത്തിയാക്കാത്ത അപേക്ഷകരുടെ വയറിംഗ് നടത്തുന്നതിനായി ആവശ്യമായ തുക കണക്കാക്കി, എസ്റ്റിമേറ്റ് എല്ലാ പഞ്ചായത്തുകളിലും സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**